പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ * 65 — 30/06/2016 ൽ മറുപടിക്ക്

## സംയോജിത കന്നുകാലി വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. റോജി.എം.ജോൺ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. എം. വിൻസന്റ്: | അഡ്വ .കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലയും വകുപ്പ് മന്ത്രി). |
| എ) മുൻഗവൺമെന്റിന്റെ കാലത്ത് സംയോജിത കന്നുകാലി വികസന പദ്ധതി നടപ്പിലാക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) ഉണ്ട്. സംസ്ഥാനത്തെ ആഭ്യന്തര പാൽ, മുട്ട എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മൃഗസംരക്ഷണ മേഖലയിലെ കർഷകരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്ത് 2011-12 കാലയളവിൽ സംസ്ഥാനത്ത് ലൈവ്സ്റ്റോക്ക് ഡവലപ്പ്മെന്റ് ഫോർ ലൈവ്ലിഹുഡ് സപ്പോർട്ട് (LDLS) എന്ന സംയോജിത കന്നുകാലി വികസന പദ്ധതി നടപ്പിലാക്കിയിരുന്നു. |
| ബി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഉണ്ടായിരുന്നത് ; | ബി) സംസ്ഥാനത്ത് 7740 കർഷകർക്ക് ഒരു ഗർഭിണി കിടാരി, 2 ആട്, 10 കോഴി എന്നിവ 50% സബ്സിഡിയിൽ വിതരണം ചെയ്ത ഈ പദ്ധതിയിൽ 20കോടി രൂപ വിനിയോഗിക്കപ്പെട്ടു. 25000 രൂപയുടെ വീതം ആനുകൂല്യം ഓരോ ഗുണഭോക്താവിനും ലഭിച്ചു. എല്ലാ ജില്ലകളിലും പദ്ധതി നടപ്പിലാക്കി. ഇതിലൂടെ 308ലക്ഷം ലിറ്റർ പാലും, 136.8ലക്ഷം മുട്ടയും സംസ്ഥാനത്ത് പ്രതിവർഷം അധികമായി ഉല്പാദിപ്പിക്കപ്പെടാൻ ഉദ്ദേശിച്ചാണ് പദ്ധതി ആവിഷ്കരിച്ചത്. 20കോടി രൂപ ധനസഹായമായി നൽകിയ ഈ പദ്ധതിയിൽ 10കോടി രൂപ കേന്ദ്ര ധനസഹായമായും 10കോടി രൂപ സംസ്ഥാന പദ്ധതിവിഹിതത്തിൽ നിന്നുമാണ് വിനിയോഗിച്ചത്. |
| സി) ഇത് നടപ്പാക്കുന്നതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | സി) 2011- 12 സാമ്പത്തിക വർഷം മൃഗസംരക്ഷണ വകുപ്പിന്റെ സംസ്ഥാന പദ്ധതിവിഹിതമായ 10കോടി രൂപയും കേന്ദ്ര സർക്കാരിന്റെ ഒറ്റത്തവണ അധിക കേന്ദ്രസഹായമായ 10കോടി രൂപയും ലഭ്യമാക്കി പദ്ധതി നടപ്പിലാക്കി. |

| | |
|---|---|
| ഡി) പദ്ധതി നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | ഡി) 7740 കർഷകർക്ക് ആനുകൂല്യം ലഭിച്ച ഈ പദ്ധതിയിലൂടെ 308 ലക്ഷം ലിറ്റർ പാലും 136.8 ലക്ഷം മുട്ടയും അധികമായി ഉല്പാദിപ്പിക്കപ്പെട്ടിട്ടുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ